**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 476** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കെ എസ് ഇ ബി പരസ്യങ്ങളും പി ആർ പ്രവർത്തനങ്ങളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പബ്ലിക് റിലേഷൻസ് പരിപാടികൾക്ക് വേണ്ടി എത്ര രൂപ കെ. എസ്. ഇ .ബി ചെലവഴിച്ചു എന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** 2016 ഏപ്രിൽ മുതൽ 2026 മാർച്ച് വരെ അഡ്വെർടൈസ്മെന്റ്/പബ്ലിസിറ്റി ഇനത്തിൽ ചെലവായ തുക താഴെ ചേർക്കുന്നു:

| | |
|---|---|
| 2016-17 | 1.31 കോടി രൂപ |
| 2017-18 | 5.29 കോടി രൂപ |
| 2018-19 | 1.13 കോടി രൂപ |
| 2019-20 | 0.49 കോടി രൂപ |
| 2020-21 | 0.40 കോടി രൂപ |
| 2021-22 | 0.95 കോടി രൂപ |
| 2022-23 | 2.64 കോടി രൂപ |
| 2023-24 | 1.98 കോടി രൂപ |
| 2024-25 | 1.76 കോടി രൂപ |
| 2025-26 | 2.00 കോടി രൂപ (provisional) |

ഇതിൽ 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പബ്ലിക് റിലേഷൻസ് കാര്യാലയം മുഖേന പബ്ലിക് റിലേഷൻസ് പരിപാടികൾക്കുവേണ്ടി 9,29,41,608/- രൂപ കെ.എസ്.ഇ.ബി. ചെലവഴിച്ചു.

**(ബി)** പ്രസ്തുത കാലയളവിൽ പബ്ലിക് റിലേഷൻസ് പരിപാടികൾക്ക് വേണ്ടിയും സോഷ്യൽ മീഡിയ മാനേജ്മെന്റ് ഉൾപ്പെടെയുള്ള ഏതെങ്കിലും പ്രവർത്തനങ്ങൾ ചെയ്യാൻ വേണ്ടിയും പുറത്തുള്ള

ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ടോയെന്നും അപ്രകാരം ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ അവർക്ക് നൽകിയിട്ടുള്ള തുക എത്രയാണെന്നും ഏജൻസി തിരിച്ച് അറിയിക്കാമോ ;

**<u>മറുപടി:</u>** പ്രസ്തുത കാലയളവിൽ സോഷ്യൽമീഡിയ മാനേജ്മെന്റിനു വേണ്ടി ഏജൻസികളെയൊന്നും ഏൽപ്പിച്ചിട്ടില്ല. പബ്ലിക് റിലേഷൻസ് പരിപാടികൾക്കുവേണ്ടി ഉൾപ്പെടുത്തിയ ഏജൻസികളും അവർക്ക് നൽകിയ തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു:

| | |
|---|---|
| എ. കെ. സൈബർ | 3,00,000/- രൂപ |
| ഓല സ്റ്റുഡിയോ, തിരുവനന്തപുരം | 1,93,000/- രൂപ |
| ക്രയോൺസ് അഡ്വർട്ടൈസിംഗ് | 33,350/- രൂപ |
| സി-ഡിറ്റ് | 1,29,800/- രൂപ |
| മൂവിംഗ് ക്രാഫ്റ്റ് | 3,81,900/- രൂപ |
| ഷാഡോ ഗ്രൂപ്പ് | 6,53,000/- രൂപ |
| അമ്യൂസിയം ആർട്സ് സയൻസ് | 8,75,000/- രൂപ |
| ജെ. എസ്. ചൗഹാൻ & അസോസിയേറ്റ്സ് | 23,60,000/- രൂപ |

**(സി)** പ്രസ്തുത കാലയളവിൽ അച്ചടി മാധ്യമങ്ങളിലും ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലും കെ എസ് ഇ ബി ഏജൻസി മുഖാന്തരം പരസ്യങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ അത് ഏതൊക്കെ ഏജൻസികളിലൂടെയാണെന്നും ഓരോ ഏജൻസികൾക്കും പരസ്യം നൽകുന്നതിനു വേണ്ടി കൈമാറിയ തുക എത്രയാണെന്നും പ്രത്യേകം അറിയിക്കാമോ;

**<u>മറുപടി:</u>** നൽകിയിട്ടുണ്ട്. ഏജൻസി തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മീഡിയാമേറ്റ് - 4,99,02,208/- രൂപ

ക്രിസാലിസ് - 3,48,15,926/- രൂപ

സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസ് - 27,66,667/- രൂപ

**(ഡി)** പ്രസ്തുത കാലയളവിൽ ഐ ആൻഡ് പി. ആർ. ഡി വഴി അച്ചടി മാധ്യമങ്ങളിലും ദൃശ്യശ്രവ്യ മാധ്യമങ്ങളിലും കെ.എസ്.ഇ.ബി എത്ര രൂപയ്ക്ക് പരസ്യം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഐ ആന്റ് പി.ആർ.ഡി. വഴി പരസ്യങ്ങൾ നൽകിയിട്ടില്ല.

**(ഇ)** ഐ ആൻഡ് പി.ആർ.ഡി മുഖാന്തരം അല്ലാതെ മറ്റ് ഏജൻസികൾ മുഖാന്തരം അച്ചടി മാധ്യമങ്ങളിലും ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലും കെ . എസ്. ഇ .ബി പരസ്യം നൽകിയിട്ടുണ്ടെങ്കിൽ അതിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

**<u>മറുപടി:</u>** മലയാള മനോരമ മീഡിയാമേറ്റ് വഴിയും, മാതൃഭൂമി ക്രിസാലിസ് വഴിയും മാത്രമേ പരസ്യങ്ങൾ സ്വീകരിക്കാറുള്ളൂ. ബാക്കിയുള്ളവയ്ക്ക് കെ.എസ്.ഇ.ബി. നേരിട്ടാണ് പരസ്യങ്ങൾ

നൽകുന്നത്.

**(എഫ്)** കെ.എസ്.ഇ.ബി പബ്ലിക് റിലേഷൻസ് പരിപാടികൾക്ക് വേണ്ടി പ്രസ്തുത കാലയളവിൽ സേവനം സ്വീകരിച്ചിട്ടുള്ള ഏജൻസികളിൽ ഐ ആന് പി.ആർ.ഡി അംഗീകരിക്കാത്ത സ്ഥാപനങ്ങൾ ഏതെങ്കിലും ഉണ്ടായിരുന്നെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത കാലയളവിൽ സേവനം സ്വീകരിച്ചിട്ടുള്ള ഏജൻസികളിൽ ഐ ആൻറ് പി.ആർ.ഡി അംഗീകരിക്കാത്ത സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

1) എ. കെ. സൈബർ

2) ഓല സ്റ്റുഡിയോ, തിരുവനന്തപുരം

3) ക്രയോൺസ് അഡ്വർട്ടൈസിംഗ്

4) അമ്യൂസിയം ആർട്സ് സയൻസ്

5) ജെ. എസ്. ചൗഹാൻ & അസോസിയേറ്റ്സ്

കെ.എസ്.ഇ.ബി.യുടെ പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് കെ.എസ്.ഇ.ബി.-യുടെ തന്നെ പബ്ലിക് റിലേഷൻസ് വിഭാഗത്തിലൂടെയാണ്.

**സെക്ഷൻ ഓഫീസർ**